"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി.-വെസ്റ്റ് കോസ്റ്റ് കനാൽ വികസനം- തിരുവനന്തപുരം ജില്ല-വെട്ടൂർ പഞ്ചായത്ത് - വെസ്റ്റ് കോസ്റ്റ് കനാലിന്റെ ചെ. 43.78 കി.മീ. മുതൽ ചെ. 46.000 കി.മീ. വരെയുള്ള ഭാഗത്ത് ഡ്രഡ്ജിംഗിലൂടെ ലഭ്യമായ സ്പോയിൽ നീക്കം ചെയ്യൽ- ലേലം സ്ഥിരപ്പെടുത്തി നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.41/2023/CSIND തീയതി, തിരുവനന്തപുരം, 07-12-2023.

---

പരാമർശം:-

1. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 02/12/2022 ലെ ഡബ്ല്യു6-035/സി.ഇ/ ഐ.എൻ/2018 നമ്പർ നടപടിക്രമം.
2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 16/6/2023- ലെ ഡബ്ല്യു6-035/സി.ഇ/ ഐ.എൻ/2018 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഉൾനാടൻ ജലപാതയിലൂടെയുള്ള ചരക്ക് ഗതാഗതം, ജലഗതാഗതം, വിനോദസഞ്ചാരം എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് തെക്ക് കോവളം മുതൽ വടക്ക് ബേക്കൽ വരെ ജലപാതാ നിലവാരത്തിൽ വെസ്റ്റ് കോസ്റ്റ് കനാൽ വികസിപ്പിക്കുക എന്നത് സർക്കാർ മുൻഗണന നല്കി നടപ്പിലാക്കുന്ന പദ്ധതികളിലൊന്നാണ്. വെസ്റ്റ് കോസ്റ്റ് കനാൽ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ പഞ്ചായത്തിൽ കനാലിന്റെ ചെ. 43.78 കി.മീ. മുതൽ ചെ. 46.000 കി.മീ. വരെയുള്ള ഭാഗത്തെ ശുചീകരണവും വികസനവും ഉൾപ്പെട്ട പ്രവൃത്തി സ്ഥലത്ത് നിന്നും ഡ്രഡ്ജിംഗിലൂടെ ലഭ്യമായ ചെളിയും മാലിന്യങ്ങളും ഉൾപ്പെട്ട സ്പോയിൽ കനാലിന്റെ വശങ്ങളിൽ വളരെ ഉയരത്തിൽ നിക്ഷേപിച്ചിരിക്കുന്നതിനാൽ പ്രദേശത്തെ തെങ്ങ് ഉൾപ്പെടെയുള്ള കൃഷികൾക്ക് വൻ നാശനഷ്ടം സംഭവിക്കുന്നതായും, സ്പോയിൽ മഴക്കാലത്ത് കനാലിലേക്ക് ഒഴുകി ഇറങ്ങാൻ സാധ്യതയുള്ളതിനാൽ അടിയന്തിരമായി നീക്കം ചെയ്യേണ്ടതാണെന്ന് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ സ്പോയിൽ ലേലം ചെയ്ത് നീക്കുന്നതിന് പരാമർ ശം (1) ഉത്തരവിൻ പ്രകാരം അനുമതി നല്കിയിരുന്നതാണെന്നും, സ്പോയിലിൽ 70% ത്തിന് മുകളിൽ silt & clay അടങ്ങിയിരിക്കുന്നതിനാൽ DSR 2018 നിരക്ക് പ്രകാരം 223.72/$m^3$ രൂപ (Rate of mud Rs.165.0/m3 + cost index 35.59%) മണ്ണിന്റെ വിലയായി നിശ്ചയിച്ച് മൂന്ന് പ്രാവശ്യം ഇ-ലേലം നടത്തിയെങ്കിലും ആരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല എന്നും, 29/05/2023-ൽ നടത്തിയ ഇ-ലേലത്തിൽ 5 പേർ പങ്കെടുത്തതിൽ ഏറ്റവും കൂടിയ തുക ₹70.20/m3 രേഖപ്പെടുത്തിയത് സതേൺ സിഗ്മ വെൻചർസ് പ്രൈ.ലി. ആണെന്നും ലേലത്തിൽ ഏറ്റവും

കൂടിയ തുകയായ ക്യൂബിക് മീറ്ററിന് 70.20 രൂപ നിരക്കിൽ 67,64,778.353/- രൂപ രേഖപ്പെടുത്തിയ സതേൺ സിമ്മ വെൻചർസ് പ്രൈ. ലി.-ന് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതിന് അംഗീകാരം നൽകണമെന്നും ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ സൂചന (1) കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

2. നിശ്ചയിച്ചിട്ടുള്ള നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ സതേൺ സിമ്മ വെൻചർസ് പ്രൈ. ലി. രേഖപ്പെടുത്തിയ നിരക്ക് 68.62% കുറവാണെന്നും ലേലത്തുകയ്ക്ക് പുറമെ ചരക്ക് സേവന നികുതി 5%, റോയൽറ്റി ക്യൂബിക് മീറ്ററിന് 80 രൂപ നിരക്കിലും, സെനറേജ് ക്യൂബിക് മീറ്ററിന് ഏകദേശം 230 രൂപ നിരക്കിലും ലേലം കൊണ്ടയാൾ അടയ്ക്കേണ്ടതുണ്ടെന്നും ടി നികുതി നിരക്കുകളിൽ ബന്ധപ്പെട്ട വകുപ്പുകൾ വ്യത്യാസം വരുത്തുന്ന പക്ഷം അവ അടയ്ക്കുവാനും ലേലം കൊണ്ടയാൾ ബാധ്യസ്ഥനായിരിക്കും എന്നും, മൂന്ന് പ്രാവശ്യം ലേലം ചെയ്തിട്ടും ആരുംതന്നെ പ്രസ്തുത ഇ-ലേലത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിലും, ഇതിലും കൂടിയ നിരക്ക് ലഭിക്കുവാൻ സാധ്യത വളരെ കുറവായതിനാലും, പ്രവൃത്തിയുടെ അടിയന്തര സ്വഭാവം കണക്കിലെടുത്തും, കനാലിന്റെ തീരത്ത് കിടക്കുന്ന മണ്ണ് വീണ്ടും കനാലിലേയ്ക്ക് ഇറങ്ങുന്നത് പരിഗണിച്ചും നിലവിൽ ലേലത്തിൽ ലഭിച്ചിട്ടുള്ള കൂടിയ തുകയ്ക്ക് ലേലം സ്ഥിരപ്പെടുത്തുന്നതിന് അംഗീകാരം നൽകണമെന്നും ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് വെസ്റ്റ് കോസ്റ്റ് കനാൽ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ പഞ്ചായത്തിൽ കനാലിന്റെ ചെ. 43.78 കി.മീ. മുതൽ ചെ. 46.000 കി.മീ. വരെയുള്ള ഭാഗത്തെ ശുചീകരണവും വികസനവും ഉൾപ്പെട്ട പ്രവൃത്തി സ്ഥലത്ത് നിന്നും ഡ്രഡ്ജിംഗിലൂടെ ലഭ്യമായ ചെളിയും മാലിന്യങ്ങളും ഉൾപ്പെട്ട സ്പോയിൽ നീക്കം ചെയ്യുന്നതിന്, ലേലത്തിൽ ഏറ്റവും കൂടിയ തുകയായ ക്യൂബിക് മീറ്ററിന് 70.20 രൂപ നിരക്കിൽ 67,64,778.353/- രൂപ, രേഖപ്പെടുത്തിയ സതേൺ സിമ്മ വെൻചർസ് പ്രൈ. ലി.-ന് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതിന് ചീഫ് എഞ്ചിനീയർക്ക് ചുവടെ ചേർക്കുന്ന വ്യവസ്ഥകളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ. ഭാവിയിൽ, കനാലുകളിലെ ഡ്രഡ്ജിംഗ് ഉൾപ്പെടുന്ന എല്ലാ പ്രവൃത്തികളിലും, സൈറ്റിൽ നിന്ന് ഡ്രെഡ്ജ് ചെയ്തെടുക്കുന്ന വസ്തുക്കളുടെ (മണൽ, മണ്ണ്) വില, പ്രാദേശിക വിപണി വില (local market rate) യെ അടിസ്ഥാനമാക്കി കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് അനുയോജ്യമായ വ്യവസ്ഥകൾ എസ്റ്റിമേറ്റിൽ തന്നെ ഉൾപ്പെടുത്തേണ്ടതാണ്. (ആവശ്യമെങ്കിൽ ഒരു ഇനം ആയി ഉൾപ്പെടുത്തിക്കൊണ്ട്)

ബി. മത്സരാധിഷ്ഠിത നിരക്കുകൾ ക്വോട്ട് ചെയ്യുന്നതിന് ലേലക്കാരെ പ്രാപ്തരാക്കുന്നതിനും അതിലൂടെ സർക്കാരിന് പരമാവധി വരുമാനം ലഭിക്കുന്നതിനും, ടെൻഡർ വ്യവസ്ഥകളിൽ ഇക്കാര്യം വ്യക്തമായി പ്രസ്താവിച്ചിരിക്കണം.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ ( I &PW- B) വകുപ്പ് (I & PW-B3/165/2023- FIN, തീയതി: 8/11/2023).
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് (എ2/109/2023/ സി.എസ്.ഐ.എൻ.ഡി).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 08-12-2023 10:31:05

പകർപ്പ് :-

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറി (സി.എസ്.ഐ.എൻ.ഡി) യുടെ പി.എ.യ്ക്ക്.